**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 153** **27-01-2026 - ൽ മറുപടിയ്ക്ക്**

**ജപ്തി നടപടി നിർത്തിവയ്ക്കുന്നതിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ കരിയാംപറമ്പിൽ ഹൗസിൽ സിനി ഗോപിയുടെ ഭർത്താവ് കാനറാ ബാങ്കിന്റെ അരികന്നിയൂർ ശാഖയിൽ നിന്നും എടുത്ത വായ്പ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്നുണ്ടായ ജപ്തി നടപടികൾ നിർത്തിവെയ്ക്കണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അപേക്ഷകയുടെ ഭർത്താവ് മരണപ്പെടുകയും ഓട്ടിസം ബാധിച്ച ഒരു മകളും, വിദ്യാർത്ഥിയായ ഒരു മകനും മാത്രമുള്ളതും സാമ്പത്തികമായി വളരെ ബുദ്ധിമുട്ടുള്ളതുമായ പ്രസ്തുത കുടുംബത്തെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ശ്രീമതി സിനി ഗോപി സമർപ്പിച്ച നിവേദനം സി.എം.ഒ പോർട്ടൽ മുഖേന SLBCക്ക് നൽകിയിരുന്നു. സമിതി നൽകിയ റിപ്പോർട്ട് പ്രകാരം, ശ്രീമതി. സിനി ഗോപിയും ഭർത്താവ് പരേതനായ ഗോപിയും ചേർന്ന്, കനറാ ബാങ്കിന്റെ അരിയന്നൂർ ശാഖയിൽ നിന്നും, ബിസിനസ് ആവശ്യങ്ങൾക്കും വീട് നിർമ്മിക്കുന്നതിനുമായി യഥാക്രമം 2019 ലും 2022 ലും വായ്പകൾ എടുത്തിട്ടുണ്ട്. ഈ വായ്പകൾ തിരിച്ചടവിലെ മുടക്കം കാരണം 2025 മാർച്ച് മാസം നിഷ്ക്രിയ ആസ്തി വായ്പകളായി തരംതിരിക്കപ്പെട്ടു. ശ്രീ. ഗോപിയുടെ ആകസ്മിക മരണത്തെ തുടർന്ന് ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയാകാം ഈ വായ്പകളിലെ തിരിച്ചടവ് മുടങ്ങാൻ കാരണം. ഇക്കാരണത്താൽ അനുഭാവപൂർണ്ണമായ നടപടി എന്ന നിലയിൽ ബിസിനസ്സ് വായ്പ നിഷ്ക്രിയ ആസ്തി ആകുന്നതിന് മുൻപ് തന്നെ ഈ വായ്പ പരേതന്റെ മകന്റെ പേരിലേക്ക് നടപടിക്രമങ്ങൾ പൂർത്തിയാകുന്നപക്ഷം പുതുക്കി നൽകാമെന്നും അത് വഴി നടത്തി വന്നിരുന്ന ബിസിനസ്സ് മുന്നോട്ട് കൊണ്ടുപോകാമെന്നും ബാങ്ക് നിർദ്ദേശിച്ചിരുന്നു. കേന്ദ്ര സർഫാസി നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ ബാങ്കിൽ നിന്നും നോട്ടീസ് അയച്ചിട്ടുണ്ട്. വീടും വസ്തുവും ഇപ്പോഴും ശ്രീമതി സിനി ഗോപിയുടെ ഉടമസ്ഥതയിൽ തന്നെയാണെന്നും ജപ്തി നടപടികളുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | നോട്ടീസുകൾ നൽകുക മാത്രമാണ് ബാങ്ക് നിലവിൽ ചെയ്തിട്ടുള്ളതെന്നും സമിതി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ